നം. കെ.എസ്.എ.കെ.ടി.എം.പി-5-1833/2016 തീയതി:15.12.2016

# കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.15 മുതൽ 31.10.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-11-16 മുതൽ 26-11-16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.സി. ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീമതി.സുനിത.എം.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജയകുമാരിയമ്മ.ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ്.ആർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആലീസ് തോമസ് | 1.4.15 മുതൽ 31.9.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.10.2015 മുതൽ 18.11.2015 വരെ |
| | ശ്രീ.ബി.പ്രദീപ് | 19.11.2015 മുതൽ 31-3-16 വരെ |
| സെക്രട്ടറി | ശ്രീമതി. രമാബായി | 1.4.15 മുതൽ 28.2.2016 വരെ |
| | ശ്രീ.മുരളീധരൻ നായർ | 1.3.2016 മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ബിനു തോമസ് | 1.4.15 മുതൽ 31-3-16 വരെ |

| | | |
|---|---|---|
| അസി.എൻജിനീയർ | ശ്രീ.ജയഭദ്രൻ<br>ശ്രീമതി.അന്നമ്മ ജോൺ | 1.4.15 മുതൽ 30.5.15 വരെ<br>01.06.15 മുതൽ 16.6.15 വരെ |
| | ശ്രീ.ജയപ്രകാശ്<br>ശ്രീമതി.സന്ധ്യ | 17.6.15 മുതൽ 7.1.16 വരെ<br>8.1.16 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.സിസിലിക്കുട്ടി<br>ശ്രീമതി.ലതാകുമാരി<br>ശ്രീമതി.അഞ്ജലി അരവിന്ദ് | 1.4.15 മുതൽ 31.8.2015 വരെ<br>1.9.2015 മുതൽ 22.12.2015 വരെ<br>23.12.2015 മുതൽ 1.9.2016 വരെ |
| മെഡിക്കൽ ഓഫീസർ ആയൂർവേദം | ഡോ. വിനീതാ രവി | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ജോസഫ് ആന്റണി | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുബിൻ | 1.4.15 മുതൽ 4.3.16 വരെ |
| | ഡോ.അജയ് | 5.3.16 മുതൽ 31.3.16 വരെ |
| എച്ച്.എം | ശ്രീമതി.ജമീല | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീ.റിയാസ് | 1.4.15 മുതൽ 31.3.16 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഭാഗം 1--പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനതുവരുമാനം | 1-7 |
| ക്ഷേമപദ്ധതികൾ | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 വരവുകണക്കുകൾ | |

| | |
|---|---|
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| ചെക്ക്/ഡി.ഡി. പ്രകാരം ലഭിച്ച തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല | 2-2-1 |
| കാലാവധി കഴിഞ്ഞ ചെക്കുകളുടെ ശരിയായ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല | 2-2-2 |
| മൊബൈൽ ടവറുകളുടെ പരിഷ്കരിച്ച വസ്തുനികുതി നാളിതുവരെ അടച്ചിട്ടില്ല | 2-3-1 |
| വസ്തുനികുതി പരിഷ്കരണം-ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുനർ നിർണ്ണയിക്കേണ്ടതാണ്. | 2-3-2 |
| വസ്തുനികുതി പരിഷ്കരണം--അപാകതകൾ | 2-3-3 |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറവായി വസ്തുനികുതി നിർണ്ണയിച്ചു | 2-3-4 |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് നികുതി നിർണ്ണയിച്ചതുമൂലം നികുതി നഷ്ടം | 2-3-5 |
| ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4-1 |
| തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാതെ സ്ഥാപനം പ്രവർത്തിക്കുന്നു. | 2-4-2 |
| ഡി & ഒ ലൈസൻസ് അപേക്ഷയിലെ വിറ്റുവരവിന് ആനുപാതികമായി പരമാവധി ഫീസ് ഈടാക്കിയില്ല | 2-5 |
| കെട്ടിട നിർമ്മാണ പെർമിറ്റ്--വിസ്തീർണ്ണത്തിന് അനുപാതികമായി ഫീസ് ഈടാക്കിയില്ല | 2-6 |
| മുണ്ടത്താനം മാർക്കറ്റ്--പഞ്ചായത്ത് സ്ഥലം കയ്യേറിയതായുള്ള പരാതി സംബന്ധിച്ച് | 2-7 |
| കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റിലിംഗ്) ചട്ടങ്ങൾ 2016 പ്രകാരം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വികരിക്കേണ്ടതാണ്. | 2-8 |
| ഭാഗം 3 ചെലവുകണക്കുകൾ | |
| മാലിന്യം നീക്കം ചെയ്യൽ--കരാർ ചമച്ചില്ല--ശരിയായി മോണിറ്റർ ചെയ്യുന്നില്ല | 3-1 |
| പ്രോജക്ട് നം.എസ്.0007/15-16--സ്ട്രീറ്റ് ലൈറ്റ് സാമഗ്രികൾ വാങ്ങൽ സ്ഥാപിച്ചതിന്റെ ആധികാരിക രേഖകൾ ലഭ്യമല്ല | 3-2 |
| മഴക്കാല പൂർവ്വ ശുചീകരണം--ശുചിത്വമിഷൻ വിഹിതം--വിനിയോഗം സുതാര്യമല്ല | 3-3 |
| ഇ-ടോയ്ലറ്റ്--പഞ്ചായത്തിന് ബാധ്യത | 3-4 |
| വെള്ളക്കരം--കുടിശ്ശിക നിലനിൽക്കുന്നു. | 3-5 |
| നിർബന്ധിത പ്രോജക്ടുകൾ/ജി.ഒ.പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിക്കുന്നത്--വിനിയോഗ വിവരം ലഭ്യമല്ല | 3-6 |
| ടാർ വീപ്പയുടെ വില പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു | 3-7 |
| മീഡിയാശ്രീ പദ്ധതി | 3-8 |
| ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-9 |
| ആശ്രയ പദ്ധതി ലക്ഷ്യം കണ്ടില്ല | 3-10 |
| മഹാത്മാഗാന്ധിദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--ലക്ഷ്യമിട്ട തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടില്ല--സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിൽ പരാജയം | 3-11 |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

| | |
|---|---|
| ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് തീയതിയിലെ 28.3.15ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് -23301323.15രൂപ

വരവ് - 88621555 രൂപ

ആകെ- -111922878.15രൂപ

ചെലവ് - 97688100 രൂപ

നീക്കിയിരുപ്പ് -14234778.15

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 29.7.16 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2015-16 ഓഡിറ്റിന്റെ ഭാഗമായി വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ ഭാഗമായി തയ്യാറാക്കിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20425720.95 |
| വരവ് | 48497330 |
| ആകെ | 68923050.95 |
| ചെലവ് | 62871873 |
| നീക്കിയിരിപ്പ് | 6051177.95 |

## 1-5 ഫണ്ട് വിനിയോഗം

2015-16 സാമ്പത്തിക വർഷം സർക്കാരിൽ നിന്നുള്ള വിവിധങ്ങളായ ഫണ്ട് അനുവദിച്ചതിലും വിനിയോഗിച്ചതിലും നിലനിന്നിരുന്ന സവിശേഷമായ സാഹചര്യം പരിഗണിച്ച്, അതായത് ഭാഗീകമായി പബ്ലിക് അക്കൗണ്ടിലൂടെയും ഭാഗീകമായി കൺസോളിഡേറ്റഡ് ഫണ്ടിലൂടെയും സാമ്പത്തിക വിനിമയം നടന്നതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഫണ്ട് വിനിയോഗവും അതാത് ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ഫണ്ട് വിനിയോഗ വിവരങ്ങളും യഥാക്രമം ഉപഖണ്ഡിക (എ) (ബി) ആയി ചുവടെ ചേർക്കുന്നു.

എ) വാർഷിക ധനകാര്യ പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് ഷെഡ്യൂൾ RP 40(b) പ്രകാരം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3837643 | 5964620 | 9802263 | 9802263 | (+)2321211 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 271000 | 1479000 | 1750000 | 1750000 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 33000 | 33000 | 33000 | - | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 289240 | 3568520 | 3857760 | 3857760 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 559311 | 1112659 | 1671970 | 1671970 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2015387 | 3134772 | 5150159 | 5150159 | (-)2317716 | 0 |
| KLGSDP പെർഫോമൻസ് ഗ്രാന്റ് | 2579032 | (-)3495 | 2575537 | 2575537 | (-)3495 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 70842 | 3179603 | 3250445 | 3249196 | 0 | 1249 (പലിശ അക്കൗണ്ടിൽ അവശേഷിക്കുന്നത്) |
| ബി ഫണ്ട് | - | 15477815 | 15477815 | 15477815 | - | 0 |

**ബി)** അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3837643 | 7294184 | 11131827 | 9802263 | 1329564 | 88.05% |
| വികസനഫണ്ട് എസ്.സി.പി. | 271000 | 2400000 | 2671000 | 1750000 | 921000 | 65..51% |
| വികസനഫണ്ട് ടി.എസ്.പി. | - | 33000 | 33000 | 33000 | - | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 289240 | 3881000 | 4170240 | 3857760 | 312480 | 92.5% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 559311 | 2433000 | 2992311 | 1671970 | 1320341 | 55.87% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2015387 | 3134772 | 5150159 | 5150159 | - | 100% |
| പെർഫോമൻസ് ഗ്രാന്റ് | 2579032 | - | 2579032 | 2575537 | 3495 (T.C.) | 99.86% |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 70842 | 3179603 | 3250445 | 3249196 | 1249 (CB) | 99.96% |
| ബി ഫണ്ട് | - | 15477815 | 15477815 | 15477815 | - | 100% |

## 1-6 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയുടെ 22.5.2015 ലെ 490/15/DPC/KTM നമ്പർ ഉത്തരവ് പ്രകാരം 2015-16 വാർഷികപദ്ധതിയ്ക്ക് അന്തിമാംഗീകാരം ലഭിച്ചു. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 35183927 | 104 | 26123602 | - | 27 | 79 |

ആകെ 131 പ്രോജക്ടുകൾക്കായി വിവിധങ്ങളായ ഫണ്ടിനങ്ങൾ വകയിരുത്തിയ 3.5 കോടി അടങ്കലിലുള്ള പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചത്. സുലേഖ സോഫ്റ്റ്വെയറിലൂടെ ജനറേറ്റ് ചെയ്ത വാർഷിക പദ്ധതി ചെലവ് കണക്കുകൾ പ്രകാരം ഓരോ ഇനത്തിലും വകയിരുത്തിയതും വിനിയോഗിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക(രൂപ) | വിനിയോഗിച്ച തുക |
|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം | 11131827 | 9802263 |
| എസ്.സി.പി | 2671000 | 1750000 |
| ടി.എസ്.പി | 33000 | 33000 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5150159 | 5150159 |
| ലോകബാങ്ക് സഹായം | 2579032 | 2575537 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1241982 | 173225 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 712500 | 400000 |
| തനത് ഫണ്ട് | 2907153 | 484965 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 605000 | 210000 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 4170240 | 3857760 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 2992311 | 1671970 |
| മറ്റുള്ളവ | 989723 | 14723 |
| ആകെ | 35183927 | 26123602 |

വാർഷിക പദ്ധതി ആസൂത്രണ നിർവ്വഹണ നടപടിക്രമങ്ങളിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ/നേട്ടങ്ങൾ /ഓഡിറ്റ് നിർദ്ദേശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

അപാകതകൾ

1-വാർഷിക പദ്ധതിയുടെ ആസൂത്രണ നടപടികൾ കാര്യക്ഷമമായിരുന്നില്ല.ജി.ഒ(എം.എസ്)362/13 തസ്വഭവ തീയതി 16.11.2013 പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പൊതു സമീപനവും മുൻഗണനകളും മുൻനിർത്തി വാർഷിക പദ്ധതിയുടെ ആസൂത്രണ നടപടികൾ കാര്യക്ഷമമായ രീതിയിൽ എറ്റെടുത്ത് നിർവ്വഹിക്കുന്നതിൽ നിയമാനുസൃതം രൂപീകരിക്കപ്പെട്ട പ്രവർത്തന കമ്മറ്റികൾ ഉൾപ്പടെയുള്ള സമിതികൾ വേണ്ടത്ര വിജയിച്ചിട്ടില്ല. പ്രവർത്തന കമ്മറ്റികൾ (Working Groups) സജീവമായിരുന്നില്ല. 12-ാം പദ്ധതിയുടെ 4-ാം വർഷം പിന്നിട്ടിട്ടും പഞ്ചവൽസര പദ്ധതി തയ്യാറാക്കി 5 വർഷത്തേയ്ക്ക് ഏറ്റെടുക്കേണ്ട പ്രോജക്ടുകളുടെ സംഗ്രഹം(Shelf of Projects) തയ്യാറാക്കിയതായോ വർഷം തിരിച്ചും മേഖല തിരിച്ചുമുള്ള മുൻഗണന നിശ്ചയിച്ചതായോ കാണുന്നില്ല. ഇത് ദീർഘകാല ആസൂത്രണത്തിലെ പാളിച്ച വ്യക്തമാക്കുന്നു.

2-കാർഷിക മേഖല ഉൾപ്പെടെയുള്ള ഉൽപ്പാദനമേഖലയിൽ സ്ഥായിയായ വികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. ഉദാഹരണത്തിന് രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റി പകരം തൈനടുക എന്ന പ്രോജക്ട് പ്രകാരം 242 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിൽ രോഗം ബാധിച്ച തെങ്ങുകൾ പൂർണ്ണമായി വെട്ടിമാറ്റുക എന്ന പരിഗണനയ്ക്ക് പകരം ഓരോ ഗുണഭോക്താവിനും പരമാവധി 10 തെങ്ങ് എന്ന പരിധി നിശ്ചയിച്ചിട്ടുള്ളതായി കാണുന്നു.സമഗ്രമായ ഒരു കാർഷിക വികസന പരിപാടിയുടെ ഭാഗമായി എറ്റെടുക്കേണ്ട ഇത്തരം പ്രോജക്ടുകൾ ഏതാനും ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുക എന്ന രീതിയിൽ നിർവ്വഹിക്കുന്നത് യുക്തിസഹമല്ല.

3-വാർഷിക പദ്ധതിയുടെ ഭാഗമായി കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പടെയുള്ള ചില വാങ്ങൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം വാങ്ങലുകൾ കേന്ദ്രീകൃതമായ രീതിയിൽ പ്രൊക്യുവർമെന്റ് കമ്മറ്റിയുടെ അനുവാദത്തോടെയും വാങ്ങേണ്ട സാധനങ്ങളുടെ എണ്ണം/ സ്പെസിഫിക്കേഷൻ എന്നിവ നിശ്ചയിച്ചതിന് ശേഷവും നിർവ്വഹിക്കുന്നതിന് പകരം അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കിയതായി കാണുന്നു.കൃഷി ഓഫീസർ,മെഡിക്കൽ ഓഫീസർമാർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അവരവർ കൈകാര്യം ചെയ്യുന്ന മേഖലയുമായി നേരിട്ട് ബന്ധമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല മാത്രം നൽകേണ്ടതാണ്. കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളുടെ ആവശ്യത്തിനായി നൽകുന്നതും ആസ്തികളായി പരിഗണിക്കാവുന്നതുമായ സാധനങ്ങൾ കേന്ദ്രീകൃതമായ രീതിയിൽ വാങ്ങിയാൽ ആസ്തികളുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്ററിൽ യഥാസമയം ഉൾപ്പെടുത്താൻ സാധിക്കും എന്നതും പരിഗണിക്കേണ്ടതുണ്ട്.

4-ഗ്രാമപഞ്ചായത്തിൽ അറവ് ശാലയ്ക്ക് സ്ഥലം വാങ്ങുക എന്ന ലക്ഷ്യത്തോടെ 600000/രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്രോജക്ട് നടപ്പിലാക്കിയില്ല. ആയതിനാൽ എല്ലാ ഗ്രാമപഞ്ചായത്തിലും സ്വന്തമായി അറവ്ശാല നിർമ്മിക്കുക എന്ന ബഹു.ഹൈക്കോടതി നിർദ്ദേശവും ശുചിത്വമിഷൻ പദ്ധതിയും കങ്ങഴ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

5-തൻവർഷം നിർബന്ധിത വകയിരുത്തൽ പ്രകാരവും ജി.ഒ പ്രോജക്ടുകൾ പ്രകാരവും മറ്റ് തലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ സ്കീമുകളുടെ നടത്തിപ്പിനായി വികസനഫണ്ടിൽ നിന്നും മറ്റും ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്കീമുകളുടെ നടത്തിപ്പ് വിവരവും ഫണ്ട് വിനിയോഗ വിവരങ്ങളും ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. (ഉദാ.കാഫ് ഫീഡ് പ്രോഗ്രാം, ഐ.എ.വൈ അധിക ധനസഹായം, കോട്ടയം ജില്ലാ പ്രോജക്ടായി നടപ്പിലാക്കിയ തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം, സർവ്വശിക്ഷ അഭിയാൻ പദ്ധതി മുതലായവ)

6-തൻവർഷം വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ഏറ്റെടുത്ത ബഹുഭൂരിപക്ഷം പ്രോജക്ടുകളും ഇടവഴികളും റോഡുകളും കോൺക്രീറ്റ് ചെയ്യുന്നതിനുള്ളതായിരുന്നു. സമാനമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി ഇപ്രകാരം നിരവധി പ്രവൃത്തികളാണ് ഏറ്റെടുത്തത്. എല്ലാ പ്രവൃത്തികളിലും കുറെ ഭാഗം ക്വാറി മക്ക് ഉപയോഗിച്ച് നിരപ്പാക്കുക, ശേഷിച്ച ഭാഗത്ത് സെക്ഷനിങ്ങ് നടത്തുക, 1:4:8 അനുപാതത്തിലുള്ള 40 എം എം ബ്രോക്കൺ സ്റ്റോൺ, 1:2:4 അനുപാതത്തിലുള്ള 20 എം.എം ബ്രോക്കൺ സ്റ്റോൺ എന്നിവ ഉപയോഗിച്ചുള്ള ബേസ്/സബ് ബേസ് കോൺക്രീറ്റിങ്ങ്, എക്സ്പാൻഷൻ ജോയിന്റ് എന്നീ ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡെൽഹി ഷെഡ്യൂൾ റേറ്റ് പ്രകാരം ഉയർന്ന നിരക്ക് നൽകിയതനുസരിച്ച് ഉയർന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര വർദ്ധനവ് പ്രവൃത്തികളിൽ ഉണ്ടാകേണ്ടിയിരുന്നുവെങ്കിലും ഇപ്രകാരം ഗുണനിലവാര വർദ്ധനവ് ഉണ്ടായിട്ടില്ലയെന്നാണ് പൊതുവായ പരിശോധനയിൽ വ്യക്തമായത്. നിലവിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രതലം ഉറപ്പിക്കൽ (Compaction) ഉൾപ്പടെയുള്ള ഇനങ്ങൾ

ഉൾപ്പെടുത്തിയിട്ടുപോലും മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയ്ക്ക് കൂടുതൽ അളവിൽ പ്രവൃത്തി നടത്താൻ സാധിക്കുന്നുണ്ട്. (2016-17 വർഷത്തേയ്ക്കുള്ള observed data പ്രകാരം) തൻവർഷം ഏറ്റെടുത്ത റോഡ് ടാറിങ്ങ്/റീ ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ബിറ്റുമിന് കമ്പോള നിരക്ക് അപേക്ഷിച്ച് വളരെ കൂടിയ നിരക്കിലുള്ള ഷെഡ്യൂൾ നിരക്കാണ് പരിഗണിച്ചിട്ടുള്ളത്. 2015-16 വർഷത്തിൽ മേൽ സാഹചര്യം നിലനിന്നിരുന്നതിനാൽ പ്രവൃത്തി നടത്തിയ കരാറുകാർക്കും ഗുണഭോക്തൃസമിതിക്കും അവിഹിതമായ ലാഭം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

നേട്ടങ്ങൾ

1-സേവനമേഖലയിൽ നടപ്പിലാക്കിയ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ പ്രത്യേക പരിഗണന അർഹിക്കുന്നതും ദുർബ്ബല വിഭാഗത്തിൽപ്പെട്ടതുമായ ജനവിഭാഗങ്ങൾക്ക് നേട്ടം പ്രദാനം ചെയ്തിട്ടുണ്ട്. എങ്കിലും താരതമ്യേന കുറഞ്ഞ തുക ധനസഹായമായി നൽകുന്ന വീട് മെയിന്റനൻസ് പോലെയുള്ള പ്രോജക്ടുകൾ കൂടുതലായി ഏറ്റെടുക്കുന്നത് മൂലം വിഭവങ്ങളുടെ കുറഞ്ഞ രീതിയിലുള്ള വിതരണം നടക്കുകയും തദ്വാര സുസ്ഥിര വികസനം എന്ന ആശയം അട്ടിമറിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതി ഒഴിവാക്കപ്പെടേണ്ടതാണ്. കൂടുതൽ സ്ഥായിയായ വികസനം ആവശ്യമായ ഗുണഭോക്താക്കൾക്ക് ഇത്തരം പ്രോജക്ടിൽ ഉൾപ്പെടുത്തി താൽക്കാലിക ധനസഹായം നൽകുക വഴി ഭാവിയിൽ അർഹമായ ധനസഹായം ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്നില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2-തൻവർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക വിനിയോഗിച്ച് 6.97 ലക്ഷം രൂപ വിലയുള്ള ഒരു വാഹനം വാങ്ങാൻ സാധിച്ചിട്ടുണ്ട്. (ബൊലേറൊ ജീപ്പ് ).എങ്കിലും വാഹനത്തിന്റെ തുടർപരിപാലനം, ഇന്ധനച്ചെലവ്,ഡ്രൈവറുടെ വേതനം തുടങ്ങിയ ഇനങ്ങളിലുള്ള അധികച്ചെലവിനനുസൃതമായ വരുമാന വർദ്ധനവ് ഉണ്ടായിട്ടില്ല. ഇക്കാര്യം പരിഗണിക്കേണ്ടതാണ്.

3-ആശ്രയ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ലഭിച്ച ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് രണ്ടാം ഘട്ട പ്രോജക്ട് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. തുടർപദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1-വാർഷിക പദ്ധതിയുടെ ആസൂത്രണ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 4-2-16 ലെ 2(3) ാം നമ്പർ തീരുമാനം പ്രകാരം പുനസംഘടിക്കപ്പെട്ട പ്രവർത്തന കമ്മറ്റികൾ ശക്തിപ്പെടുത്തേണ്ടതാണ്.

2-വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് ശക്തിപ്പെടുത്തേണ്ടതാണ്. ഓരോ പ്രോജക്ടുകളുടേയും ഭൗതീക നേട്ടം രേഖാപരമായി വിലയിരുത്താൻ സാധിക്കുന്ന വിധം നിർദ്ദിഷ്ട മാതൃകയിലുള്ള എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയ പ്രോജക്ട് പൂർത്തീകരണ പത്രവും മോണിറ്ററിങ്ങ് റിപ്പോർട്ടും അതാത് പ്രോജക്ട് ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്.

3-ആർജ്ജിച്ച ആസ്തികളുടെ തുടർപരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്.

4-പരാജയപ്പെട്ടതും തുടർനടത്തിപ്പിലൂടെ നേട്ടം പ്രദാനം ചെയ്യുമെന്ന് ഉറപ്പില്ലാത്തതുമായ പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ആവർത്തന ചെലവുകൾ ഒഴിവാക്കേണ്ടതാണ്. (ഉദാ: പ്രവർത്തനക്ഷമമല്ലാത്ത ഇ-ടോയ്‌ലറ്റ് പരിപാലനത്തിന് വേണ്ടിയുള്ള ചെലവുകൾ).

## 1-7 തനത് വരുമാനം

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തനത് വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്ന പ്രകാരമാണ്. എന്നാൽ സാംഖ്യ സോഫ്റ്റ് വെയറിലൂടെയുള്ള അക്കൗണ്ടിന് ക്രമീകരണങ്ങളുടേയും മുൻവർഷ ക്രമപ്പെടുത്തലുകളുടേയും (Prior period accounting) നിജസ്ഥിതി ഓഡിറ്റിൽ ബോധ്യപ്പെടാത്തതിനാൽ കണക്കുകൾ പ്രതിഫലിപ്പിക്കുന്ന വർദ്ധനവ് കൃത്യമായി അപഗ്രഥിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 2930594 | 3593529 | 662935 | 23% |
| നികുതിയേതര വരവുകൾ | 807737 | 843946 | 36209 | 4% |
| ആകെ | 3738331 | 4437475 | 699144 | 18.7 % കൂടുതൽ |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 81720 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 1894650 | 261 |
| വിധവാപെൻഷൻ | 5138960 | 586 |
| വാർദ്ധക്യകാലപെൻഷൻ | 6432570 | 1050 |
| വികലാംഗപെൻഷൻ | 1310595 | 145 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 211320 | 22 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2016 2.15 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10837 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ഇംപ്രസ്റ്റ് തുക 200 രൂപ ഉണ്ടെങ്കിലും ഇത് സംബന്ധിച്ചുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം സാമാന്യം മെച്ചമാണ്. തൊഴിൽനികുതി, ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് ഫീസ് എന്നിവയുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഇവയുടെ പരിധിയിൽ വരാതെ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വാർഷികകണക്കുകൾ പ്രകാരം 27 ലക്ഷത്തോളം രൂപ വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കുവാനുണ്ടെങ്കിലും ഇത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ മുദ്രപേപ്പറുകളിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർക്കുന്നില്ല. വൗച്ചറുകൾ സാക്ഷ്യപ്പെടുത്തൽ വരുത്തി കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ച ചെക്കുകൾ ഇപ്പോഴും അക്കൗണ്ടിൽ ക്രഡിറ്റാവാത്തത് ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചയാണ്.

<u>പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ -തുടർനടപടി വിവരം ലഭ്യമല്ല</u>

ഗ്രാമ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടേയും ധനകാര്യ സ്ററാന്റിങ്ങ് കമ്മറ്റിയുടേയും ചില തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

<u>ജനറൽ കമ്മറ്റിയുടെ 20-6-15ലെ 5-ാം നമ്പർ തീരുമാനം.</u>

ഗ്രാമ പഞ്ചായത്തിലെ 20 വർഷത്തെ അധികാര വികേന്ദ്രീകരണ പദ്ധതികളുടെ ഡോക്കുമെന്റേഷൻ 2015 ഓഗസ്റ്റ് 15 ന് മുമ്പ് നടത്തി ഇത് സംബന്ധമായ റിപ്പോർട്ട് ഓഗസ്റ്റ് 20 നകം തയ്യാറാക്കുന്നതിന് തീരുമാനിച്ചു.

<u>ജനറൽ കമ്മറ്റിയുടെ 27-10-15ലെ 8-ാം നമ്പർ തീരുമാനം.</u>

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഇതിനായി 15 എക്സിക്യൂട്ടീവ്

കസേരകൾ 15 ബോർഡുകൾ,30 പ്ലാസ്റ്റിക്ക് കസേരകൾ എന്നിവ വാങ്ങുന്നതിനും തീരുമാനിച്ചു.

( പഞ്ചായത്തിലെ ഏക ഗ്രാമ കേന്ദ്രം പ്രവർത്തിക്കുന്നതായി അധികൃതർ അറിയിച്ച മുണ്ടത്താനത്ത് ഓഡിറ്റ് ടീം നേരിൽ സന്ദർശിച്ചതിൽ മുറി പൂട്ടി കിടക്കുന്നതായും നിർദ്ദിഷ്ട വലിപ്പത്തിലുള്ളതോ അല്ലാത്തതായോ ഒരു ബോർഡ് പോലും സ്ഥാപിച്ചിട്ടില്ലയെന്നും വ്യക്തമായി.ഇത് സംബന്ധമായ സർക്കാർ മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.) 112/2014 /തസ്വഭവ തീ.25-6-14 ) പാലിക്കുന്നതിൽ പഞ്ചായത്ത് പൂർണ്ണമായി വീഴ്ച്ച വരുത്തി. )

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 23-9-14 ലെ ഒന്നാം നമ്പർ തീരുമാനം.

പഞ്ചായത്തിലെ വിഭവ സമാഹരണം കാര്യക്ഷമമാക്കുന്നതിനായി ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ച് അദാലത്ത് നടത്തുന്നതിനും വിവിധ കമ്പനികളിലേയും സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ പേര് വിവരങ്ങൾ ലേബർ ഓഫീസിൽ നിന്നും ശേഖരിക്കുന്നതിനും (തൊഴിൽ നികുതി ഈടാക്കുന്നതിന്) തീരുമാനിച്ചു.

പഞ്ചായത്ത് കമ്മറ്റിയുടെ 28-9-15 ലെ മിനിറ്റ്സിൽ പങ്കെടുത്ത അംഗങ്ങളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല. 27-10-15 ലെ മിനിറ്റ്സ് ക്ലോസ് ചെയ്തിട്ടില്ല. 25-2-16 ലെ മിനിറ്റസ് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിൽ ഉൾപ്പെട്ട 90 മുതൽ 96 വരെയുള്ള പേജുകൾ ശൂന്യമായി കാണുന്നു.

പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ യഥാവിധി നടപ്പിലാക്കുന്നുണ്ടെന്നും ആധികാരിക രേഖയായ മിനിറ്റ്സ് ഉചിതമായ വിധം ക്ലോസ് ചെയ്യുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം<br>ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.7.2016 | 6/16 | 4/16 ലെ റിപ്പോർട്ട്<br>19.7.16 ൽ ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.4.12 – 15.5.12 | 2003-04 മുതൽ<br>2011-12 വരെ | നം.35157/ എസി<br>1/12 തീയതി. 11.06.2012 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. 26.07.2011 ലെ ജി.ഒ.(എം.എസ്)152/11/ എൽ.എസ്.ജി.ഡി യിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. എം.ജി.എൻ.ആർ.ഇ.ജി.എസ് കണക്കുകൾ പൂർണ്ണമായും വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.ഇ.എഫ്.എം.എസ് ഉൾപ്പെടെ ഈ ഇനത്തിലുള്ള ആകെ വരവ് 3178354 രൂപയാണെങ്കിലും വാർഷികകണക്കുകളിൽ 275642 രൂപാ മാത്രമേ വരവ് വന്നിട്ടുള്ളു.
3. സാക്ഷരത അക്കൗണ്ടിൽ 1249 രൂപ ബാലൻസ് ഉണ്ടങ്കിലും പ്രസ്തുത തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. വസ്തുനികതിയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കാത്തതിനാൽ ബാലൻഷീറ്റിലെ പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
5. വസ്തുനികതി കുടിശ്ശിക ഇനത്തിൽ ലഭിച്ച 173 രൂപ ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

6. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) പ്രവൃത്തികളുടെ ചില ബില്ലിൽ ടാർ വീപ്പകളുടെ വില ക്രമീകരിച്ച രീതി ശരിയല്ല. ബിൽ പ്രകാരം ടിയിനത്തിലുള്ള തുക ഉൾപ്പെടെ പിൻവലിച്ച് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് പകരം ടിയിനത്തിലുള്ള തുക ആകെ ബിൽ തുകയിൽ കുറവ് ചെയ്ത് പിൻവലിക്കാതിരിക്കുകയാണ് ചെയ്തത് (short drawal). തന്മൂലം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതത്തിൽ നിന്നുള്ള യഥാർത്ഥ ചെലവ് (ടാർ വീപ്പകളുടെ വില ഉൾപ്പെടെയുള്ളത്) കണക്കിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. (കൃത്യമായ തുക നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.)

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2-1 ചെക്ക്/ ഡി.ഡി പ്രകാരം ലഭിച്ച തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെ പറയുന്ന ചെക്ക്/ഡി.ഡി തുകകൾ നാളിതുവരെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

| ക്രമ നം. | രതീത് നം. | ചെക്ക്/ ഡി.ഡി നം | തീയതി | തുക | ആരിൽ നിന്നും ലഭിച്ച |
|---|---|---|---|---|---|
| 1 | 11501400002/ 19.06.15 | 124214 | 20.03.15 | 1675 | ജനറൽ മാനേജർ, എസ്സാർ ടെലികോം പ്രൈവറ്റ് ലിമിറ്റഡ് |
| 2 | 11501400003/ 19.06.15 | 124214 | 20.03.15 | 28357 | |
| 3 | 11301400018/ 22.02.14 | 837119 | 01.02.14 | 2500 | തഹസീൽദാർ,ചങ്ങനാശ്ശേരി |
| 4 | 11301400019/ 22.02.14 | 837117 | 01.02.14 | 1250 | |
| 5 | 11301400020/ 22.02.14 | 837136 | 01.02.14 | 1250 | |
| 6 | 11503900017/ 17.09.15 | ലഭ്യമല്ല | ലഭ്യമല്ല | 320 | ലഭ്യമല്ല |

പ്രസ്തുത തുകകൾ നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റാകാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1 മുതൽ 5 വരെയുള്ളത് വസ്തുനികുതി,തൊഴിൽനികുതി എന്നിവയിലുള്ള വരവാണെന്നും ആയവ കുടിശ്ശിക വരുത്തിയവരിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 6 കൂടുതലായി അടച്ച തുക ക്രമീകരിക്കുവാൻ വേണ്ടി രസീത് ചെയ്തതാണെന്നും ആയത് പൊരുത്തപ്പെടുത്തൽ പത്രികയിൽ നിന്നും നീക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഇതിൽ ജനറൽ മാനേജർ, എസ്സാർ ടെലികോം പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ലഭ്യമായ ചെക്ക് (നം.124214/20.03.15) പഞ്ചായത്തിൽ റസീപ്റ്റ് ചെയ്തത് 3 മാസ കാലാവധി തീരുന്ന തീയതിയിലാണ് (19.06.2015) ആയത് ശ്രദ്ധിക്കാതെ ചെക്ക് റസീപ്റ്റ് ചെയ്ത നടപടി പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ കർശനമായി ഒഴിവാക്കേണ്ടതാണ്. മാത്രമല്ല പഞ്ചായത്തിന് ലഭിച്ച ചെക്ക്/ഡി.ഡി കൾ നാളിതുവരെ അക്കൗണ്ടിൽ ക്രഡിറ്റാവാത്തത് പഞ്ചായത്തിനുണ്ടായ നഷ്ടമായിട്ട് കണക്കാക്കാവുന്നതാണ്. ആയതിനാൽ കാലാവധി കഴിഞ്ഞ ചെക്ക് /ഡി.ഡി കൾ കക്ഷികളിൽ നിന്നും റീവാലിഡേറ്റ് ചെയ്ത് വാങ്ങി പഞ്ചായത്ത് ഫണ്ടിലേക്ക് തുകകൾ മുതൽക്കൂട്ടേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-2-2 കാലാവധി കഴിഞ്ഞ ചെക്കുകളുടെ ശരിയായ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ള താഴെ പറയുന്ന ചെക്കുകൾ നാളിതുവരെ പണമായി മാറിയിട്ടില്ല.

| ബാങ്കിന്റെ പേര് | ചെക്ക്നമ്പർ | തീയതി | തുക |
|---|---|---|---|
| കങ്ങഴ സർവ്വീസ് സഹകരണ ബാങ്ക് (തനത് ഫണ്ട്) | 4883 | 28.12.15 | 8930 |
| | ലഭ്യമല്ല | ലഭ്യമല്ല | 3300 |
| എസ്. ബി..റ്റി,( (എൻ.ആർ.ഇ.ജി.എസ് | 377394 | 19.05.14 | 304 |
| | 377446 | 28.10.14 | 90 |
| | 601729 | 28.03.15 | 935 |
| | 601748 | 31.03.15 | 64 |

കേരള പഞ്ചായത്ത് രാജ് എക്കൗണ്ട് ചട്ടങ്ങൾ 2011 ലെ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. പ്രസ്തുത ചെക്കുകളുടെ കാര്യത്തിൽ മേൽ സൂചിപ്പിച്ച വിധത്തിലുള്ള അക്കൗണ്ടിംഗ് ക്രമീകരണം നടത്തേണ്ടതാണ്.

## 2-3-1 മൊബൈൽ ടവറുകളുടെ പരിഷ്ക്കരിച്ച വസ്തുനികുതി നാളിതുവരെ അടച്ചിട്ടില്ല

ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04.01.2012 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന ടവറുകളുടെ വസ്തുനികുതി പരിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും ടവർ കമ്പനികൾ നാളിതുവരെ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അസ്സസ്സ്മെന്റ് നം | ടവർ കമ്പനി | അടിസ്ഥാനനികുതി+ ലൈബ്രറി സെസ്+ സേവന നികുതി | 2013-14 മുതൽ അടിസ്ഥാന നികുതിയിലുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | IV/278 | ഇൻഡസ് ടവേഴ്സ് | 13600+680+680 | 40800 |
| 2 | V/280 A | ഇൻഡസ് ടവേഴ്സ് | 13500+675+675 | 40800 |
| 3 | IX/215 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ | 14300+715+715 | 42900 |
| 4 | X/456 B | ഇൻഡസ് ടവർ | 13668+684+684 | 41004 |
| 5 | XI/339 A | ഇൻഡസ് ടവർ | 22200+1110+1110 | 66600 |

| | | | | |
|---|---|---|---|---|
| 6 | XI/341 | വൊഡാഫോൺ | 20400+1020+1020 | 61200 |
| 7 | XII/326 B | ഇൻഡസ് ടവർ | 21600+1080+1080 | 64800 |
| 8 | XIV/321 A | റിലയൻസ് ഇൻഫോകോം | 12150+608+608 | 36450 |
| 9 | XIV/470 A | ഇൻഡസ് ടവർ | 15000+750+750 | 45000 |
| ആകെ | | | | 439554 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8)ലഭ്യമാക്കിയ മറുപടിയിൽ ഡിമാന്റ് നോട്ടീസ് നൽകാത്തവയ്ക്ക് ഉടൻ നൽകുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. മേൽ ടവർ കമ്പനികളിൽ നിന്നും കുടിശ്ശിക സഹിതമുള്ള നികുതി ഈടാക്കേണ്ടതും അടയ്ക്കാത്തവക്കെതിരെ നിയമാനസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3-2 വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുനർനിർണ്ണയിക്കേണ്ടതാണ്

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ പഞ്ചായത്ത് ഭരണസമിതി മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് തീരുമാനിച്ച് വിജ്ഞാപനം ചെയ്തതായി കാണുന്നില്ല.മാത്രമല്ല സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ നിരക്ക് 60 രൂപയായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരിച്ചിട്ടുമുണ്ട്. ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ നിശ്ചയിക്കാത്തതിനും പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കാത്ത നിരക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7)ലഭ്യമാക്കിയ മറുപടിയിൽ ഭേദഗതി നിരക്കുകൾ നിശ്ചയിക്കുന്നതിന് ഭരണസമിതി തീരുമാനം എടുക്കണമെന്നത് ശ്രദ്ധയിൽ പെട്ടില്ലായെന്നും തൊട്ടടുത്ത ഭരണസമിതി മീറ്റിംഗിൽ തന്നെ ടി വിഷയം അജണ്ടയിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-3 വസ്തുനികുതി പരിഷ്കരണം -അപാകതകൾ

I.റിസോർട്ടിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി പരിഷ്കരിച്ചു

2015-16 വർഷത്തെ ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം V/387 നമ്പർ കെട്ടിടത്തിൽ മെർവിൻ ഐസക് ,മലബാർ എസ്കേപ്പ്, കാനം എന്ന വ്യക്തിക്ക് റിസോർട്ട് നടത്തിപ്പിന് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ശ്രീ.പി.വി. ജോർജ്ജ്

പഴവരിക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടത്തിന് സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്ന ഗണത്തിൽപ്പെടുത്തി ഒരു ച.മീറ്ററിന് 60 രൂപാ നിരക്കിലാണ് വസ്തുനികുതി പരിഷ്കരിച്ചിട്ടുള്ളത് (550 ച.മീറ്റർ). വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതി പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നിവയുടെ നിരക്ക് പഞ്ചായത്ത് ഭരണ സമിതി നിശ്ചയിച്ചിട്ടില്ല. മാത്രമല്ല ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04.01.2012 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം റിസോർട്ടുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 90 രൂപയുമാണ്. ഇപ്രകാരം തെറ്റായ പരിഷ്കരണം മൂലം അടിസ്ഥാന വസ്തുനികുതിയിൽ ഒരു വർഷം 13200 രൂപയുടെ കുറവ് ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (ച.മീറ്ററിന് 60 രൂപാ നിരക്കിൽ അർഹമായ ഇളവ് ഉൾപ്പടെ) | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (ച.മീറ്ററിന് 90 രൂപാ നിരക്കിൽ അർഹമായ ഇളവ് ഉൾപ്പെടെ | ഒരു വർഷം അടിസ്ഥാന നികുതിയിലുണ്ടാകുന്ന കുറവ് |
|---|---|---|---|
| 550ച.മീ | 33000-6600(20%)=26400 | 49500-9900(20%)=39600 | 13200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9(1)) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. റിസോർട്ട് നടത്തിപ്പിനായി ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് എടുത്ത പ്രസ്തുത സ്ഥാപനത്തിന്റെ വസ്തുനികുതി റിസോർട്ടുകൾക്ക് ബാധകമായ ച.മീറ്ററിന് 90 രൂപാ നിരക്കിൽ പരിഷ്കരിക്കേണ്ടതും ഒരു റിസോർട്ട് വിഭാവനം ചെയ്യുന്ന മുഴുവൻ സൗകര്യങ്ങളുടേയും വിസ്തീർണ്ണം നികുതി നിർണ്ണയത്തിനായി പരിഗണിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

II. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ളവയുടെ നിരക്കിൽ നികുതി പരിഷ്കരിച്ചു

2015-16 വർഷത്തെ ഡി& ഒ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം VII/271( പഴയത്-V/305) നമ്പർ കെട്ടിടത്തിൽ ശ്രീ.പി.എം ഇർഷാദ് മുഹമ്മദ് എന്ന വ്യക്തിക്ക് റിച്ചേസ്റ്റ് ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനം നടത്തുന്നതിനായി ലൈസൻസ് നൽകിയിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിലെ ഫോറം 6 പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തെ പാർപ്പിടാവശ്യത്തിനുള്ളവയുടെ ഗണത്തിൽപ്പടുത്തിയാണ് വസ്തുനികുതി പരിഷ്കരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9(2)) മറുപടിയായി ടി കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി ആയത് പ്രകാരമുള്ള നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ളവയുടെ ഗണത്തിൽപ്പെടുത്തി നികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറവായി വസ്തുനികുതി നിർണ്ണയിച്ചു

ശ്രീ.ഉസ്മാൻ റാവുത്തർ, കരിമലക്കുഴിയിൽ, കങ്ങഴ എന്ന വ്യക്തിയുടെ 192.44 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള (പഞ്ചായത്ത് ഓഫീസിന് എതിർവശം ഹോട്ടൽ നടത്തുന്ന കെട്ടിടം നം.XIII/356 A) കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്നിവയുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 50 രൂപാനിരക്കിൽ നികുതി ചുമത്തുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ എന്നിവയുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 45 രൂപാനിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് (ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04.01.2012 ലെ ഒന്നാം നമ്പർ തീരുമാനം). ഇത് പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ 1155 രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി (ച.മീറ്ററിന് 45 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) | കുറവ് |
|---|---|---|---|
| 192.44 | 8660+1732 (20% വർദ്ധനവ്-റോഡ്തരം) | 9622+1925 (20% വർദ്ധനവ്-റോഡ് തരം)=11547 | 1155 |

| | | | |
|---|---|---|---|
| | =10392 | | |

ഇപ്രകാരം കുറവായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.17) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-5 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് നികുതി നിർണ്ണയിച്ചതുമൂലം നികുതി നഷ്ടം

ഒരു കെട്ടിടത്തിൽ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ത നമ്പരുകൾ നൽകി നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നത്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായി കഞ്ഞഴ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (04.01.2012 ലെ I-ാം നമ്പർ തീരുമാനം). എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 35/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് വിവരം | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ) | നിർണയിച്ച അടിസ്ഥാന നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 35 രൂപാ നിരക്കിൽ) | നിർണയിക്കേണ്ട അടിസ്ഥാന നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| XIII/ 455,456 | അനൂപ്.സി, ചെമ്പൻചിറ പുത്തൻവീട്ടിൽ, കഞ്ഞഴ | 116.28 | 4070+814 (20%)=4884 | 5814+1163 (20%)=6977 | 2093 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിച്ച് പുതുക്കിയ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-1 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം പഞ്ചായത്തു പ്രദേശത്ത് ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നതായി ഡി ആന്റ് ഒ ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| കരിമല ഗ്രാനൈറ്റ്സ്, പത്തനാട് | I&II |

| | |
|---|---|
| എം.എം.ഗ്രാനൈറ്റ്സ്, കാഞ്ഞിരപ്പാറ | I&II |
| സെന്റ് മേരീസ് ഗ്രാനൈറ്റ്സ്, കണ്ടഴ | I&II |
| ചേന്നാട്ട് ഫ്യുവൽസ്, വെള്ളാവൂർ | I&II |
| സിനു വർഗ്ഗീസ് , മനയത്ത് (ക്രഷർ)കങ്ങഴ | I&II |
| വിവേകാനന്ദ സ്കൂൾ, പത്തനാട് | I&II |
| കവിതാ ഇൻഡസ്ട്രീസ്,പത്തനാട് | I&II |
| എ.കെ.ആർ ബ്രിക്സ് &ടൈൽസ് | I&II |
| എസ്.എ ഇൻഡാനേ ഗ്രാമീൺ വിതരക് | I&II |
| ജെ&ജെ ഹോളോ ബ്രിക്സ് | I&II |
| റോബിൻ പെട്രോളിയം, കങ്ങഴ | I&II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ബാധകമായ സംഗതികളിൽ ടേൺഓവറിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് എൻക്വയറി നൽകിയിരുന്നു. ആയതിന് വിവേകാനന്ദ സ്കൂൾ, പത്തനാട് എന്ന സ്ഥാപനത്തിൽ നിന്നും കുടിശിക തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ അധികപേരും അന്യസംസ്ഥാനക്കാരും രണ്ട് മാസത്തിലധികം ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യാത്തവരുമാണെന്നാണ്. എന്നാൽ ടി മറുപടി അംഗീകരിക്കാൻ സാധിക്കില്ല. ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-2 തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടാതെ സ്ഥാപനം പ്രവർത്തിക്കുന്നു

9-വാർഡിൽ ആർ.ശങ്കർ സ്മാരക ശ്രീ നാരായണ കോളേജ്, പത്തനാട് എന്നസ്ഥാപനം പ്രവർത്തിക്കുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടു. ടി സ്ഥാപനത്തിന്റെയും സ്ഥാപനത്തിലെ ജീവനക്കാരുടെയും 2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.14) മറുപടിയായി ജീവനക്കാരുടെ തൊഴിൽ നികുതി 2015-16 വർഷം മുതൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെയും സ്ഥാപനത്തിലെ ജീവനക്കാരുടെയും 2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് അപേക്ഷയിലെ വിറ്റുവരവിന് ആനുപാതികമായി പരമാവധി ഫീസ് ഈടാക്കിയില്ല

2015-16 വർഷം താഴെ പറയുന്ന ഡി &ഒ ലൈസൻസ് അപേക്ഷകരിൽ നിന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവിന് ആനുപാതികമായി പരമാവധി ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസിയുടെ വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ വിറ്റുവരവ് | ചുമത്താവുന്ന പരമാവധി ഫീസ് | ചുമത്തിയ ഫീസ് | കുറവ് | രസീത് നം. |
|---|---|---|---|---|---|---|
| 1 | രാജു.പി.വി, പുതുവേലിൽപടിഞ്ഞാറ്റേതിൽ, ഇടിയിരിക്കപ്പുഴ (കറി പൗഡർ സംഭരണവും വില്പനയും) | 12000 | 300 | 200 | 100 | 11501100483/ 20.05.15 |
| 2 | സ്വരൽജിത്ത് ലാൽ സി എസ്, ചേന്നാട്ട്, വെള്ളാവൂർ (പെട്രോൾ പമ്പ് നടത്തുന്നതിന്) | 72000 | 2000 | 1000 | 1000 | 11501100624/ 5.6.15 |
| 3 | അമിൻ മീരാൻ തെള്ളിയിൽ, മുണ്ടത്താനം (പച്ചക്കറി വില്പന) | 6000 | 200 | 100 | 100 | 11501102670/ 30.12.15 |
| | ആകെ | | | | 1200 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം കുറവ് വന്ന തുക സ്ഥാപന ഉടമകളിൽ നിന്നും നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-6 കെട്ടിട നിർമ്മാണ പെർമിറ്റ് -വിസ്തീർണ്ണത്തിന് ആനുപാതികമായി ഫീസ് ഈടാക്കിയില്ല

താഴെ പറയുന്ന വാസഗൃഹത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകരിൽ നിന്നും കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം (ച.മീറ്ററിൽ) | ഈടാക്കിയ ഫീസ് (ച.മീറ്ററിന് 3 രൂപാ നിരക്കിൽ) | ഈടാക്കേണ്ട ഫീസ് | കുറവ് | രസീത് നം. |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മേരി തെക്കേടത്ത്, ഇടയിരിക്കപ്പുഴ | 297.67 | 520 | 894 | 374 | 29/58458 /30.09.15 |
| 2 | എബ്രഹാം കുര്യൻ, വട്ടക്കാട്ടിൽ കാനം | 341.04 | 900 | 1024 | 124 | 11501103102 /11.02.16 |
| | ആകെ | | | | 498 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കുറവ് വന്ന തുക ഉത്തരവാദിയായ സെക്ഷൻ ക്ലർക്ക്, മേൽനോട്ട ചുമതലയുള്ള സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-7 മുണ്ടത്താനം മാർക്കറ്റ്-പഞ്ചായത്ത് സ്ഥലം കൈയ്യേറിയതായുള്ള പരാതി സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ ജനറൽ കമ്മറ്റിയുടെ 20-06-15 ലെ യോഗത്തിലെ 9-ാം നമ്പർ തീരുമാനം മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ചതിൽ പഞ്ചായത്ത് വക മുണ്ടത്താനം മാർക്കറ്റിലെ സ്ഥലം സ്വകാര്യ വ്യക്തി കൈയേറിയതായും ഇത് സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർവ്വേ വകുപ്പിൽ നിന്നും അതിർത്തി നിർണ്ണയം നടത്തിയതിൽ പഞ്ചായത്തിന് പരാതിയുള്ളതായും കാണുന്നു. ഇത് സംബന്ധിച്ച് വീണ്ടും താലൂക്ക് സർവ്വേയർക്ക് കത്ത് നൽകുന്നതിനും വില്ലേജ് ഓഫീസ് ഉപരോധിക്കുന്നതിന് തീരുമാനം കൈക്കൊണ്ടതായും രേഖപ്പെടുത്തി കാണുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ ഓഡിറ്റിൽ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ ആവശ്യപ്പെട്ടെങ്കിലും ഇത് സംബന്ധമായി പ്രത്യേക ഫയൽ ആരംഭിച്ചിട്ടില്ലയെന്നാണ് അറിയിച്ചത്. ഇത്തരം പ്രാധാന്യമുള്ള വിഷയത്തിൽ പ്രത്യേക ഫയൽ ആരംഭിക്കാത്തത് അധികൃതരുടെ വീഴ്ച്ചയാണ്. പ്രസ്തുത സ്ഥലം ഓഡിറ്റ് ടീം നേരിൽ സന്ദർശിച്ചെങ്കിലും വ്യക്തമായ അതിരുകൾ വേർതിരിച്ചിട്ടുള്ളതായോ സമീപവാസികൾക്ക് മാർക്കറ്റിലൂടെയല്ലാതെ വീടുകളിലേയ്ക്ക് പ്രവേശനമാർഗ്ഗം ഉള്ളതായോ കണ്ടില്ല. പ്രസ്തുത സ്ഥലത്ത് കയ്യേറ്റം ഉണ്ടെന്ന് പഞ്ചായത്തിന് ഉത്തമ ബോധ്യമുള്ള പക്ഷം ഇത് സംബന്ധമായ റവന്യൂരേഖകൾ സൂക്ഷിക്കേണ്ടതും നിയമാനുസൃതമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത സ്ഥലത്തിന് വ്യക്തമായ അതിരുകൾ നിശ്ചയിച്ച് സ്ഥിരമായ അടയാളങ്ങൾ സ്ഥാപിക്കേണ്ടതും ഭാവിയിലുള്ള കൈയ്യേറ്റങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.സർക്കാർ തീരുമാനത്തിനെതിരെ പരാതിയുള്ള പക്ഷം നിയമം അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കുന്നതിന് പകരം വില്ലേജ് ഓഫീസ് പോലെയുള്ള ഒരു സർക്കാർ ഓഫീസ് ഉപരോധിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈക്കൊള്ളുന്നത് നിയമവിധേയമല്ല എന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-8 കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റിലിംഗ്) ചട്ടങ്ങൾ 2016 പ്രകാരം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്

2015-16 നിലവിൽ വന്ന കേന്ദ്രസർക്കാരിന്റെ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റിലിംഗ്) ചട്ടങ്ങൾ പ്രകാരം സ്വീകരിക്കേണ്ട നടപടികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പ് 24.09.2016 ലെ 576/ഡി.സി1/16 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരണമായി ഗ്രാമ പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും പ്രസ്തുത നിയമം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മാലിന്യം നീക്കൽ ചെയ്യൽ -കരാർ ചമച്ചില്ല-ശരിയായി മോണിറ്റർ ചെയ്യുന്നില്ല

പ്രോജക്ട് നമ്പർ.S.0004/15-16

ഗ്രാമ പഞ്ചായത്തിലെ ഖരമാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് സംസ്കരിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ പ്രതിമാസം 18000/രൂപ എന്ന നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ബാബു എൻ.കെ , കുട്ടമ്മേൽകാട്ടിൽ, നെടുംകുന്നം എന്ന വ്യക്തിക്ക് ഇതിന്റെ ചുമതല നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാകുന്നതിന് മുമ്പ് വരെയുള്ള ആദ്യത്തെ 3 മാസത്തേയ്ക്ക് പ്രതിമാസം 15000/രൂപ നിരക്കിലും തുടർന്നുള്ള 9 മാസത്തേയ്ക്ക് 18000/രൂപ നിരക്കിലും കരാറുകാരന് നൽകിയിട്ടുണ്ട്. (ആകെ ചെലവ് 207000/രൂപ) പ്രോജക്ട് നടത്തിപ്പിലും രേഖകളുടെ സൂക്ഷിപ്പിലും ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-മാലിന്യ നിർമ്മാർജ്ജനം എന്ന ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതല കാര്യക്ഷമവും ശാസ്ത്രീയവുമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ശരിയായ മോണിറ്ററിങ്ങ് സംവിധാനം രൂപീകരിച്ചിരുന്നില്ല. ജലവിതരണം-ശുചിത്വം എന്ന വിഷയാടിസ്ഥാന വർക്കിങ്ങ് ഗ്രൂപ്പിലെ ഒന്നോ രണ്ടോ അംഗങ്ങളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതിമാസ തുക അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിലെ ഏതൊക്കെ കേന്ദ്രങ്ങളിൽ നിന്ന് എത്രയളവിൽ മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ടെന്നോ ശേഖരിച്ച മാലിന്യങ്ങൾ പൊതുജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കാതെ സംസ്കരിച്ചിട്ടുണ്ടോയെന്നോ ഉറപ്പ് വരുത്തുകയോ ഇത് സംബന്ധമായ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

2-കരാർ എന്ന നിലയിൽ 200/രൂപ മൂല്യമുള്ള മുദ്രപത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും യാതൊരു വ്യവസ്ഥകളും എഴുതി ചേർത്ത് അധികൃതമാക്കിയിട്ടില്ല. (മുദ്രപത്രംനമ്പർ-766231, 856303 എന്നിവ). ഇത്രയധികം പ്രാധാന്യമുള്ള ചുമതല വ്യക്തമായ കരാർ വ്യവസ്ഥ കൂടാതെ ഏൽപ്പിച്ച് നൽകിയ നടപടി തികച്ചും ക്രമവിരുദ്ധമാണ്. മാത്രമല്ല കരാറിന്റെ ഭാഗമായ മുദ്രപത്രങ്ങൾ ശൂന്യമായി സൂക്ഷിക്കുന്ന നടപടി സ്റ്റാമ്പ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്.

3-ഹോട്ടലുകൾ/മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഉടമസ്ഥർ തന്നെ നീക്കം ചെയ്യണമെന്നിരിക്കെ കരാർ വ്യവസ്ഥകളുടെ അഭാവത്തിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന വ്യക്തി ശേഖരിക്കുകയും പഞ്ചായത്തിന് ഇത് സംബന്ധമായി ചാർജ്ജ് ഈടാക്കുന്നതിനുള്ള സാധ്യത ഇല്ലാതാവുകയും ചെയ്യുന്നു.

4-മുൻവർഷവും ഇതേ കരാർ ഏറ്റെടുത്തിരുന്ന കരാറുകാരൻ നിരതദ്രവ്യം ഇനത്തിൽ ഒടുക്കിയിരുന്ന 3750/രൂപ കിഴിച്ച് ബാക്കി 750/രൂപ കൂടി ഒടുക്കുകയും ആകെ 4500/രൂപ തൻവർഷ നിരതദ്രവ്യമായി ക്രമീകരിക്കുകയും ചെയ്തു. ഇത് സംബന്ധമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തിയതായോ നിരതദ്രവ്യത്തിന് പുറമെ ജാമ്യ നിക്ഷേപം ഈടാക്കിയതായോ കാണുന്നില്ല.

മേൽ അപാകതകളുടെ വെളിച്ചത്തിൽ തൻവർഷത്തെ ചെലവ് തുകയായ 207000/രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-2 പ്രോജക്ട് നമ്പർ -s.0007/15-16-സ്ട്രീറ്റ് ലൈറ്റ് സാമഗ്രികൾ വാങ്ങൽ- സ്ഥാപിച്ചതിന്റെ ആധികാരിക രേഖകൾ ലഭ്യമല്ല

അടങ്കൽ:-350000/രൂപ

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 177 യൂണിറ്റ് CFL ബൾബുകളും അനുബന്ധസാമഗ്രികളും വാങ്ങുന്നതിന് ഫിറ്റിങ്ങ് ചാർജ്, നികുതി എന്നിവ ഉൾപ്പടെ 299484/രൂപ തനത് ഫണ്ട് വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം.2134/2015/തസ്വഭവ പ്രകാരം എൽ.ഇ.ഡി ബൾബുകൾ ഒഴികെയുള്ളവ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സർക്കാർ ഏജൻസിയിൽ നിന്നും വാങ്ങുന്നതിന് അനുമതി ഉള്ളതിനാൽ ടി ഏജൻസിയിൽ നിന്നാണ് പ്രസ്തുത സാമഗ്രികൾ വാങ്ങിയത്. (തുക 18-2-16 ലെ 5 ഡി.ഡി.കൾ പ്രകാരം നൽകി). വാങ്ങിയ

സാധനങ്ങൾ പ്രവർത്തനക്ഷമമായ രീതിയിൽ ലഭ്യമായിട്ടുണ്ടെന്നും ആയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ സെക്രട്ടറി തീയതി സഹിതം ബന്ധപ്പെട്ട ഡെലിവറി വൗച്ചറിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധമായ സ്റ്റോക്ക്/വിതരണ വിവരങ്ങളും സ്ഥാപിച്ചതിന്റെ വിവരങ്ങളും ആധികാരികമായ വിധം രേഖപ്പെടുത്തിയിട്ടില്ല. വിവിധ വാർഡ് അംഗങ്ങൾ ലെറ്റർ ഹെഡിൽ ടൈപ്പ് ചെയ്ത് നൽകിയ സാക്ഷ്യപത്രത്തിൽ പലതിലും സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. (ലൈറ്റുകളുടെ എണ്ണം എപ്പോൾ വേണമെങ്കിലും എഴുതി ചേർക്കാവുന്ന വിധം ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു) ആയതിനാൽ തന്നെ ഇവ ആധികാരികസാക്ഷ്യപത്രങ്ങളായി കണക്കാക്കാനാവില്ല. പ്രവൃത്തി പൂർത്തീകരിച്ചതായി ബന്ധപ്പെട്ട സ്ഥാപനത്തിലെ സെക്ഷൻ ഓഫീസർ നൽകിയ സാക്ഷ്യപത്രം മാത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 1477.73/രൂപ (നികുതി ഒഴികെ) എന്ന താരതമ്യേനെ കൂടിയ നിരക്ക് നൽകിയിട്ടും ഇതിന്റെ വാറണ്ടി സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നതിലും ഏതെല്ലാം വാർഡുകളിലേയും ലൊക്കേഷനുകളിലേയും പോസ്റ്റുകളിൽ ഇവ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച്ച വന്നിട്ടുണ്ട്. മാത്രമല്ല പ്രോജക്റ്റിന്റെ മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മഴക്കാലപൂർവ്വ ശുചീകരണം -ശുചിത്വ മിഷൻ വിഹിതം- വിനിയോഗം സുതാര്യമല്ല

23.04.2015 ലെ 178649/ഡി.ഡി.1/2015 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 2015-16 ലെ മഴക്കാലപൂർവ്വ ശുചീകരണ കാമ്പയിനുമായി ബന്ധപ്പെട്ട് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടികൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഡ്രൈഡേ ആചരണം, ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണ പ്രോജക്ടുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ വാർഡുതലത്തിൽ നടത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ 13 വാർഡുകൾക്കായി തുക വിനിയോഗിച്ചതായുള്ള JPHN മാരുടെ റിപ്പോർട്ടല്ലാതെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടന്നതായി രേഖകളില്ല . ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ അവസാനം വരെ നീണ്ടു നിൽക്കുന്ന കർമ്മ പരിപാടികൾ സംഘടിപ്പിക്കാനാണ് നിർദ്ദേശമുള്ളത്. എന്നാൽ മഴക്കാല പൂർവ്വ ശുചീകരണത്തിനു പകരം മഴക്കാലത്തിനു ശേഷം ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതായും തുക ചെലവഴിച്ചതായുമാണ് കാണുന്നത്. ടി നടപടി യുക്തിസഹമല്ല.

വാർഡ്തല ശുചിത്വ പ്രവർത്തനങ്ങൾക്കായി നൽകുന്ന തുകയുടെ കൈമാറ്റത്തിലും അലംഭാവം ഉണ്ടായിട്ടുള്ളതായി കാണുന്നു. ശുചിത്വ മിഷന്റെ വിഹിതം വാർഡ് ശുചിത്വ സമിതിയ്ക്ക് കൈമാറേണ്ടതാണെന്നും ടി തുക വാർഡ് തല ശുചിത്വ പോഷണ സമിതി അക്കൗണ്ടിൽ വരുത്തേണ്ടതാണെന്നും വാർഡ് തല പ്രവർത്തന രേഖയുടെ അടിസ്ഥാനത്തിൽ ചെലവു ചെയ്യേണ്ടതുമാണെന്ന് ടി സർക്കുലർ മുഖാന്തിരം വ്യക്തമാക്കിയിട്ടുണ്ട്. ചെലവു ചെയ്യേണ്ട തുക വാർഡ്തല ശുചിത്വ പോഷണ സമിതി അക്കൗണ്ടിലേക്ക് നൽകേണ്ടതിനു പകരം ഇത്തരത്തിലുള്ള യാതൊരു പ്രവർത്തന രേഖയും തയ്യാറാക്കാതെ തന്നെ വൗച്ചറുകൾ ഹാജരാക്കിയ മുറയ്ക്ക് ശുചിത്വ സമിതി കൺവീനർക്ക് നല്കുകയാണുണ്ടായത്. കൂടാതെ ഹാജരാക്കിയ വൗച്ചറുകൾ അപൂർണ്ണവുമായിരുന്നു. പല വാർഡുകളിലും വെള്ളക്കെട്ടുള്ള ഭാഗത്ത് പാറ വേയ്സ്റ്റ് നിരത്തിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയത്. പദ്ധതി നിർവ്വഹണത്തിനായി എല്ലാ വാർഡുകളിലേക്കും ഓവർസിയർ എടുത്തിട്ടുള്ള വാല്യുവേഷൻ ഒന്നു തന്നെയാണ്.

വാർഡുതല ശുചിത്വ പ്രവർത്തനങ്ങൾക്കായി നൽകുന്ന തുക ആധികാരികമായ ചെലവ് രേഖകൾ സഹിതം സുതാര്യമായ രീതിയിൽ വിനിയോഗിക്കേണ്ടതാണ്.

## 3-4 ഇ ടോയ് ലറ്റ് -പഞ്ചായത്തിന് ബാധ്യത

ഏകദേശം 514054 രൂപ ചെലവഴിച്ച് 13-14 ൽ സ്ഥാപിച്ച ഇ ടോയ് ലറ്റ് നിലവിൽ യാതൊരു സേവനവും പ്രദാനം ചെയ്യാൻ കഴിയാതെ പഞ്ചായത്തിന് ബാധ്യതയായി അവശേഷിക്കുന്നു. ഇ-ടോയ്‌ലറ്റിന്റെ നിർമ്മാണ ഘട്ടത്തിൽത്തന്നെ ഇതിന്റെ വിജയ സാധ്യതയെക്കുറിച്ച് ഭരണ സമിതി അംഗങ്ങൾക്കിടയിൽ അഭിപ്രായ ഭിന്നത നിലനിന്നിരുന്നു. 5 അംഗങ്ങളുടെ വിയോജിപ്പോടെയാണ് പ്രസ്തുത ഇ-ടോയ്‌ലറ്റ് നിർമ്മിക്കുവാൻ തീരുമാനമെടുത്തത്. പത്തനാട് ടൗണിലെ പൊതുവെ തിരക്കുള്ളതും ഓട്ടോസ്റ്റാന്റ് ഉൾപ്പടെ പ്രവർത്തിക്കുന്നതുമായ ഭാഗത്താണ് ഇ-ടോയ്‌ലറ്റ് സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത ഇ-ടോയ്‌ലറ്റ് പ്രവർത്തനക്ഷമമായിരുന്ന കാലയളവിൽ പോലും ഇത് ഉപയോഗിക്കുന്നതിൽ ജനങ്ങൾ വിമുഖത പ്രകടിപ്പിച്ചിരുന്നതായി അറിയുന്നു. നിലവിൽ ഇ-ടോയ്‌ലറ്റ് പ്രവർത്തനക്ഷമവുമല്ല. യാതൊരു പ്രയോജനവും ജനങ്ങൾക്ക് നല്കാൻ കഴിയാത്ത ഇ-ടോയ്‌ലറ്റിന്റെ കറന്റ് ചാർജ്ജിനത്തിൽ ഓരോ മാസവും ഏകദേശം 800രൂപയോളം പഞ്ചായത്തിന് ചെലവു വരുന്നുണ്ട്.

2015-16 വർഷം ഇ-ടോയ്‌ലറ്റ് കറന്റ് ചാർജ്ജിനത്തിലും മെയിന്റനൻസ് ചാർജ്ജിനത്തിലുമായി 14569 രൂപ

ചെലവഴിച്ചിട്ടുമുണ്ട്. ഇപ്രകാരം പ്രവർത്തനക്ഷമമല്ലാത്ത ഇ-ടോയ്‌ലറ്റിന്റെ കറന്റ് ചാർജ്ജിനത്തിലും വെള്ളക്കരമിനത്തിലും പഞ്ചായത്തിനുണ്ടാകുന്ന പാഴ്ചെലവ് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ടോയ് ലറ്റ് ജനങ്ങൾക്ക് ഉപയോഗപ്രദമാകത്തക്കരീതിയിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയുമെങ്കിൽ ആയതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

## 3-5 വെള്ളക്കരം -കുടിശ്ശിക നിലനില്ക്കുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 154 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 67375/രൂപ (ഒരു ടാപ്പിന് പ്രതിവർഷം 5250/രൂപ) വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നു. എന്നാൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക നിലനില്ക്കുന്നതായി കാണുന്നു. 1.4.15 ൽ 144788 രൂപ കുടിശ്ശികയുണ്ടായിരുന്നത് പ്രതിമാസം 2% പലിശ വീതം ഓരോ മാസവും കൂടി 31.10.16 ൽ 287236 രൂപ യായി വർദ്ധിക്കുകയാണുണ്ടായിട്ടുള്ളത്. നിലവിൽ എല്ലാ മാസവും തൻമാസത്തെ ഡിമാന്റ് തുക കൃത്യമായി അടച്ചു വരുന്നുണ്ട്. ടി സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന കുടിശ്ശികയുടെ കണക്കുകൾ കൃത്യമാണോ എന്നത് വ്യക്തമല്ല. ആയതിനാൽ കുടിശ്ശികയുടെ കണക്കുകൾ കൃത്യമാണോ എന്ന് അന്വേഷണം നടത്തേണ്ടതും അല്ലാത്തപക്ഷം അവ ഒഴിവാക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ 154 ടാപ്പുകൾ ഏതെല്ലാം ലൊക്കേഷനുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നോ അവ എല്ലാം പ്രവർത്തനക്ഷമമാണോയെന്നതും വ്യക്തമല്ല. പ്രതിവർഷം 8 ലക്ഷം രൂപയ്ക്ക് മേൽ വാട്ടർ ചാർജ്ജിനത്തിൽ ചെലവഴിക്കുന്നതിനാൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ എത്രയെന്ന് കണ്ടെത്തുവാൻ വാട്ടർഅതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്കു വേണ്ടി നിലവിലും വെള്ളക്കരം നല്കുന്നതു വഴി പഞ്ചായത്തിനുണ്ടാകുന്ന പാഴ്ചെലവ് ഒഴിവാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-6 നിർബന്ധിത പ്രോജക്ടുകൾ / ജി.ഒ പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിക്കുന്നത്- വിനിയോഗ വിവരം ലഭ്യമല്ല.

തൻവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർബന്ധിത പ്രോജക്ടുകൾ /ജി.ഒ പ്രോജക്ടുകൾ പ്രകാരം മറ്റ് പ്രോഗ്രാമുകളുടേയും പ്രോജക്ടുകളുടേയും നടത്തിപ്പിനായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും തുക നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിച്ചതിന്റെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോഗ്രാം/പ്രോജക്ട് | ഒടുക്കിയ തുക(രൂപ) | നിക്ഷേപിച്ച സ്ഥാപനം/ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | കന്നുകുട്ടി പരിപാലനം | 312500 | കാഫ് ഫീഡ് പ്രോഗ്രാം ഓഫീസർ, കോട്ടയം | വെറ്റിനറി സർജൻ |
| 2 | ഐ.എ.വൈ ഭവനം-അധിക വിഹിതം-ജനറൽ | 600000 | ബ്ലോക്ക് പഞ്ചായത്ത് | വി.ഇ.ഒ |
| 3 | ഐ.എ.വൈ ഭവനം-അധിക വിഹിതം-എസ്.സി.പി | 220000 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | അസി.സെക്രട്ടറി |
| 4. | ഐ.എ.വൈ ഭവനം-അധിക വിഹിതം-എസ്.സി.പി | 450000 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | അസി.സെക്രട്ടറി |
| 5 | എസ്.എസ്.എ വിഹിതം | 400000 | പ്രോജക്ട് ഓഫീസർ, | ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | എസ്.എസ്.എ,കോട്ടയം | സെക്രട്ടറി. |
| | ആകെ | 1982500 | | |

മേൽ തുകയിൽ എസ്.എസ്.എ പ്രോജക്ടിനായി നിക്ഷേപിച്ച തുകയുടെ പൊതുവായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുമായി കേന്ദ്രവിഹിതമുൾപ്പടെ ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കേണ്ടതും ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി എസ്.എസ്.എ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക എന്ന നിലയിൽ നിർദ്ദിഷ്ട പ്രോഗ്രാമുകൾ/പ്രോജക്ടുകൾ നിർവ്വഹിക്കപ്പെട്ടതിന്റേയും ഭൗതികനേട്ടം കൈവരിച്ചതിന്റേയും വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ വിലയിരുത്തേണ്ടതാണ്.

## 3-7 ടാർവീപ്പയുടെ വില പഞ്ചായത്ത്ഫണ്ടിൽ അവശേഷിക്കുന്നു.

മെയിന്റനൻസ് ഗ്രാന്റ്(റോഡ് വിഹിതം) വിനിയോഗിച്ച് തൻവർഷം നടപ്പിലാക്കിയ ചില റോഡ് റീടാറിങ്ങ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടാർവീപ്പയുടെ വില ഈടാക്കിയിരുന്നില്ല. ടി വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആനുപാതികമായ തുക അതാത് കരാറുകാർ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിരുന്നു. എന്നാൽ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുകയാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രവൃത്തി | കരാറുകാരൻ | ഈടാക്കിയ തുക | രസീത് നം/ തീയതി |
|---|---|---|---|---|
| S.0062/16 | കാനം- പടിഞ്ഞാറ്റുപകുതി റോഡ്. | പി.എൻ സുകുമാരൻനായർ | 3536 (13*273) | 11501103855/ 19-03-16 |
| S.0073/16 | പത്തനാട്- ചൂരക്കുന്ന് റോഡ് | " | 3536 | 11501103856/ 19-03-16 |
| S.0060/16 | ചൂളപ്പടി-പാണ്ട്യാംകുഴി റോഡ് | " | 3536 | 11501103857/ 19-03-16 |
| | ആകെ | | 10608 | |

പ്രസ്തുത തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-8 മീഡിയാശ്രീ പദ്ധതി

പ്രോജക്ട് നം. 102/16

അടങ്കൽ -65000(വികസന ഫണ്ട്)

ചെലവ് തുക-65000(ബിൽ നം. 1/10.9.15)

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65000രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ ഡി.ഡി നം.246464/14.1.16 പ്രകാരം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഡോക്കുമെന്റേഷൻ നടത്തിയതായോ ഷൂട്ടിംങ്ങ് പ്രക്രിയ പൂർത്തിയായതായോ രേഖകളില്ല. ടിയിനത്തിൽ ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം, പൂർത്തീകരണ രേഖകൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (നം.1) ഡോക്കുമെന്റേഷൻ പൂർത്തിയായിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത് ആയതിനാൽ ടിയിനത്തിൽ ചെലവുചെയ്ത 65000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം പട്ടികജാതി ,പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി ഭവനനിർമ്മാണത്തിന് വിവിധ ഗഡുക്കളായി തുക നൽകിയെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ട് നം | അടങ്കൽ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക/ ചെക്ക് നം. തീയതി |
|---|---|---|---|
| S0012/16 | 900000 (വികസനഫണ്ട്)<br>(ഒരു ഗുണഭോക്താവിന് 300000/രൂ വീതം) | കരുണൻ.പി.ജി.<br>കയത്തുങ്കൽ | 30000 / ചെക്ക് നം രേഖപ്പെടുത്തിയിട്ടില്ല. 31.1.16<br>90000/326818/2.3.16<br>90000/328355/5.4.16<br>60000329290/31.8.16 |
| S099/16 | 300000(വികസനഫണ്ട്) | രാജപ്പൻ.കെ.ആർ<br>കാവുങ്കൽ | 33000 /327040/21.3.16<br>87000 /328364/5.4.16<br>90000329288/31.8.16 |

ഓരോ ഗുണഭോക്താവിനും അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ലാത്തതിനാൽ വാസയോഗ്യമായ രീതിയിൽ അതാത് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 2) ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. പദ്ധതി ലക്ഷ്യം കൈവരിക്കുന്ന പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധമായ കാലിക സ്ഥിതിയും അറിയിക്കേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി ലക്ഷ്യം കണ്ടില്ല

നിരാശ്രയരായ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയുടെ നടത്തിപ്പിനായി സർവ്വെ നടത്തി 84 പേർക്ക് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2011ൽ 1-ാം ഘട്ട പ്രോജക്ട് ആരംഭിച്ചു. പ്രസ്തുത പ്രോജക്ടിനായി ആരംഭിച്ച അക്കൗണ്ടിൽ 31.3.16 ൽ 1101578 രൂപ ബാലൻസ് ഉണ്ട്. വരവു ചെലവു കണക്കുകളുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| ചലഞ്ച് ഫണ്ട് | 1380930 | 529860 | 851070 |
| പ്ലാൻ ഫണ്ട് | 1490736 | 1490000 | 736 |
| പലിശ | 249772 | | 249772 |
| ആകെ | | | 1101578 |

2014ൽ 1-ാം ഘട്ട പ്രോജക്ട് അവസാനിച്ചു. ആദ്യഘട്ടത്തിലെ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് യാതൊരു സേവനങ്ങളും 2014നു ശേഷം നല്കിയിട്ടില്ല. തുടർ പ്രോജക്ട് തയ്യാറാക്കിവരുന്നതായാണ് അറിയാൻ സാധിച്ചത്. 1101578 രൂപ ബാലൻസ് ഉണ്ടായിട്ടുകൂടി നിർദ്ധനരും അഗതികളുമായവർക്ക് ഭക്ഷണവും മരുന്നും നൽകാതിരുന്ന നടപടി ഉചിതമല്ല. അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്ന ഫണ്ട് തുടർ പ്രോജക്ടിനുള്ള സർവ്വേ നടത്തി ഗുണഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2 -ാം ഘട്ട പ്രോജക്ട് 2014-2017കാലയളവിലേക്കായി ആരംഭിച്ചു. ടി പ്രോജക്ടു പ്രകാരം 74 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്.പ്രസ്തുത പദ്ധതിക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| ചലഞ്ച് ഫണ്ട് | 379367 | 379367 | - |
| പ്ലാൻ ഫണ്ട് | 850000 | 685000+57974=742974 | 107026 |
| പലിശ | 21981 | | 21981 |
| ആകെ | | | 129007 |

രണ്ടാം ഘട്ട പ്രോജക്ടിനായി ലഭിച്ച ചലഞ്ച് ഫണ്ടിൽ തുക അവശേഷിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഭക്ഷണവിതരണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 57974 രൂപ ചെലവഴിച്ചിട്ടുണ്ട്. അക്കൗണ്ടിൽ 31.3.16 പ്രകാരം129007 രൂപ ബാലൻസുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | ഒന്നാം ഘട്ട പ്രോജക്ട് | രണ്ടാം ഘട്ടപ്രോജക്ട് |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 83 | 74 |
| വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 14 | 7 |

| | | |
|---|---|---|
| നാളിതുവരെ ലഭിച്ചവർ | 3 | 2 |
| വീട് ആവശ്യമുള്ളവർ | 19 | 16 |
| നാളിതുവരെ ലഭിച്ചവർ | 4 | 2 |
| വീട് പുനരുദ്ധാരണം ആവശ്യമുള്ളവർ | 15 | 18 |
| നാളിതുവരെ ലഭിച്ചവർ | 8 | 2 |
| കക്കൂസ് ആവശ്യമുള്ളവർ | 8 | 7 |
| നാളിതുവരെ ലഭിച്ചവർ | - | - |
| കുടി വെള്ളം ആവശ്യമുള്ളവർ | 30 | 13 |
| നാളിതുവരെ ലഭിച്ചവർ | 5 | 0 |
| കറന്റ് ആവശ്യമുള്ളവർ നാളിതുവരെ ലഭിച്ചവർ | 5 | 0 |

ആശ്രയ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ അധികാരികൾ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും അഗതികളുടെ പുനരധിവാസത്തിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ലക്ഷ്യമിട്ട തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടില്ല-സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിൽ പരാജയം.

കങ്ങഴ ഗ്രാമ പഞ്ചായത്തിലെ 2015-16 ലേയ്ക്കുള്ള വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലും സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്നതിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലൂടെ സാധിച്ചിട്ടില്ലയെന്ന് പൊതുവായ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 2015-16 ലേയ്ക്കുള്ള വാർഷിക കർമ്മ പദ്ധതി പ്രകാരം ആകെ 21840 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 15331 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ സാധിച്ചത്.പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം,ഗ്രാമീണ റോഡുകൾ സഞ്ചാര യോഗ്യമാക്കുന്നതിനുള്ള മൺപണി ,നീർത്തടങ്ങൾ അടിസ്ഥാനമാക്കിയുള്ള ജലസംരക്ഷണ/മഴവെള്ളക്കൊയ്ത്ത് തുടങ്ങിയ വേലകളിലൂടെയാണ് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടിരുന്നത്. തൻവർഷം ഏറ്റെടുത്ത പദ്ധതികളിൽ വനവൽക്കരണനടപടികളുടെ ഭാഗമായുള്ള വൃക്ഷതൈ നടീൽ പോലെയുള്ള പ്രവൃത്തികളും ഉൾപ്പെടുന്നു. എന്നാൽ തുടർപരിപാലനത്തിന്റെ അഭാവത്തിൽ ഇത്തരം പ്രോജക്ടുകൾ വിജയിച്ചിട്ടില്ല. തൻവർഷം PFMS/EFMS സംവിധാനങ്ങളിലൂടെ അനുവദിക്കപ്പെട്ട 3178354/രൂപയിൽ 2888465/രൂപ ലേബർ ചാർജിനത്തിലും 85089/രൂപ മെറ്റീരിയൽ ചാർജ് ഇനത്തിലും 204800/രൂപ ഭരണച്ചെലവിനത്തിലും ചെലവഴിച്ചു. ഭരണച്ചെലവിനത്തിൽ തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ച 62000/രൂപയും ഫെബ്രുവരി 2016 ലെ ശമ്പളമിനത്തിലുള്ള തുകയായി 2016-17 ൽ ലഭിച്ച 25000/രൂപയും ഉൾപ്പടെ യഥാർത്ഥ ചെലവ് 291800/രൂപയാണ്. ഭരണച്ചെലവ് ആകെ പദ്ധതിച്ചെലവിന്റെ 8.9 % ആണ്. ഇത് പരമാവധി 6% ആയി കുറയ്ക്കേണ്ടതും പദ്ധതി നിർവ്വഹണത്തിന്റെ ഫലമായി സ്ഥായിയായി പ്രയോജനം ചെയ്യുന്ന സാമൂഹ്യ ആസ്തികൾ കൂടുതലായി സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 210000 | അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ | 210000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 37845/- രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ ഉദ്യോഗപ്പേര് | രസീത് നം./തീയതി |
|---|---|---|---|---|
| 2012-13 | 5 | 25000 | ശ്രീ.മാത്യു.സി.ജെ റിട്ട.ഓവർസിയർ എൽ.എസ്.ജി.ഡി. | 11501103177/18.2.2016 |
| 2012-13 | 1 | 12845 | | 11501103530/4.3.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-5 | 11-12 | 2-6 | നിക്ഷേപ പ്രവർത്തികൾ- നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 48497330 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62871873 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 498 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 571484 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 498 | | ശ്രീമതി രമാബായി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 207000 | ശ്രീമതി രമാബായി, സെക്രട്ടറി |
| 3-2 | 299484 | |
| 3-8 | 65000 | |
| ആകെ | 571484 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രമാബായി, സെക്രട്ടറി | റിട്ടയേർഡ് | വൈശാഖം,<br>ചമ്പക്കര പി.ഒ, കറുകച്ചാൽ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 | നം.എൽ.എഫ്.കെ.പി.5/394/14/28.11.14 |
| 2000-01 | നം.എൽ.എഫ്.കെ.പി.4/501/04/23.01.04 |
| 2001-02ചെലവ് | നം.എൽ.എഫ്.കെ.പി.4/663/14/10.3.05/11.07.05 |

| | |
|---|---|
| 2002-03ചെലവ് | നം.എൽ.എഫ്.കെ.പി.5/1022/08/30.8.09/10.09.09 |
| 2003-04ചെലവ് | നം.എൽ.എഫ്.കെ.പി.11/1190/06/23.3.07/7.9.07 |
| 1998-99വരവ് | നം.എൽ.എഫ്.കെ.പി.5/575/08/28.3.09 |
| 1992-93 to 1995-96 | നം.എൽ.എഫ്.കെ.പി.5/572/08/28.3.09 |
| 1997-98 | നം.എൽ.എഫ്.കെ.പി.5/574/08/28.3.09 |
| 2003-04വരവ് | നം.എൽ.എഫ്.കെ.പി.1/190/(അദാ)ജി3/2011 |
| 2002-03വരവ് | നം.എൽ.എഫ്.കെ.പി.5/577/08/20.5.09 |
| 2001-02വരവ് | നം.എൽ.എഫ്.കെ.പി.5/949/10/19.6.12 |
| 2004-05 | നം.എൽ.എഫ്.കെ.പി.5/597/09/19.11.09/6.8.10 |
| 2005-06 | നം.എൽ.എഫ്.കെ.പി.5/146/10/10.11.10/11.1.11 |
| 2006-07 | നം.എൽ.എഫ്.കെ.പി.5/147/10/10.1.11 |
| 2007-08 | നം.എൽ.എഫ്.കെ.പി.5/566/12/6.9.12 |
| 2008-09 | നം.എൽ.എഫ്.കെ.പി.5/583/12/6.9.12 |
| 2009-10 | നം.എൽ.എഫ്.കെ.പി.5/1420/12/8.2.13/30.4.13 |
| 2010-11 | നം.എൽ.എഫ്.കെ.പി.5/1582/12/11.1.13/30.4.13 |
| 2011-12 | നം.എൽ.എഫ്.കെ.പി.5/1764/13/20.06.15 |
| 2012-13 | നം.എൽ.എഫ്.കെ.പി.5/1123/14/6.5.15 |
| 2013-14 | നം.എൽ.എഫ്.കെ.പി.5/1362/15/26.03.2016 |
| 2014-15 | കെഎസ്എ-കെടിഎം.പി.5-1048/2016 തീയതി 22.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോട്ടയം ജില്ല

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം പി5/1833/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി: 15.12.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്